**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **28.10.2019-ൽ മറുപടിക്ക്**

**നമ്പർ.59**

**പി.എസ്.സി. പരീക്ഷയിലെ ക്രമക്കേടുകൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ.** അൻവർ സാദത്ത് **പിണറായി വിജയൻ**

,, വി.ടി.ബൽറാം **മുഖ്യമന്ത്രി**

,, റോജി എം. ജോൺ

,, എ.പി. അനിൽ കുമാർ

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. പരീക്ഷ എഴുതുന്ന ചിലർ ക്രമക്കേടിലൂടെയും അധികാര സ്ഥാനത്തിലുള്ളവരുടെ പിന്തുണയോടെയും സർക്കാർ ഉദ്യോഗങ്ങൾ നേടുന്നുവെന്ന വസ്തുത സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | പി.എസ്.സി. പരീക്ഷയിൽ നടന്ന ക്രമക്കേട് സർക്കാർ വളരെ ഗൗരവമായി കാണുന്നു. പി.എസ്.സി. പരീക്ഷകൾ വളരെ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടത്തുവാൻ വേണ്ട നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടത്തുന്നതിന്റെ ഭാഗമായി പരീക്ഷാ കാമ്പസുകളിൽ മൊബൈൽ ഫോൺ മുതലായ വിവര വിനിമയ ഉപകരണങ്ങൾ ഉദ്യോഗാർത്ഥികൾ കൈവശം വയ്ക്കുന്നത് കർശനമായി നിരോധിക്കുവാനും ഇതിനെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസ് അസാധുവാക്കുവാനും മറ്റ് ശിക്ഷാ നടപടികൾ കൈക്കൊള്ളുവാനും പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങളിൽ മൊബൈൽ ഫോൺ നിരോധനം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾ പരീക്ഷാ ഹാളിൽ Stationery items, Mobile phone, Bluetooth എന്നീ Communication Devices, Watch, Eatables, Hand bags, Purse എന്നിവയും കൈവശം വയ്ക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. |
| (ബി) | കെ.എ.പി. നാലാം ബറ്റാലിയനിലേക്കുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ചിലർ അനർഹമായ മാർഗ്ഗത്തിലൂടെയാണ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതെന്ന കാര്യം പി.എസ്.സി. നടത്തുന്ന പരീക്ഷകളിലുള്ള ജനവിശ്വാസം തകരുന്നതിന് കാരണമായിട്ടുണ്ടോ ; | | |
| (സി) | പി.എസ്.സി.യിൽ നടന്ന ക്രമക്കേടിനെക്കുറിച്ചുള്ള അന്വേഷണം നടക്കുമ്പോൾ പി.എസ്.സി. സംവിധാനം കുറ്റമറ്റതാണെന്നും അതിന്റെ വിശ്വാസ്യതയും പ്രതിച്ഛായയും തകർക്കുന്ന തരത്തിലുള്ള ആരോപണം ഉന്നയിക്കരുതെന്നും മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പറഞ്ഞിട്ടുണ്ടോ; എങ്കിൽ അത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | ഇപ്പോൾ നടന്ന തരത്തിലുള്ള ക്രമക്കേടുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് പി.എസ്.സി. കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ